# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:451 | 04/07/2012 - ൽ മറുപടിക്ക്

## തീരദേശ വികസന കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി:<br>,, ബാബു. എം. പാലിശ്ശേരി:<br>,, കെ. ദാസൻ:<br>,, സി. കെ. സദാശിവൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ തീരദേശ സാമൂഹ്യ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥാപിതമായ കേരള തീര ദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനമേഖല ഒരു കൺസ്ട്രക്ഷൻ കമ്മിറ്റിയുടേത് മാത്രമായി ചുരുങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2011-12 വർഷത്തിൽ തീര ദേശ വികസന കോർപ്പറേഷൻ വഴി തീരപ്രദേശത്തല്ലാതെ ഏറ്റെടുത്തിട്ടുളള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം, സംസ്ഥാനത്തൊട്ടാകെ മത്സ്യമേഖലാടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. 2011-12 വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ ഫണ്ടുപയോഗിച്ച് മത്സ്യവിപണനം വിപുലീകരിക്കുന്നതിനായി ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുളള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എൻ.എഫ്.ഡി.ബി. ധന സഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന 5 വൻകിട മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം ഇപ്പോൾ ഏത് അവസ്ഥയിലാണ്; ഓരോ പദ്ധതിയും പ്രത്യേകം വിശദമാക്കാമോ ? | (സി) | 2009-10 സാമ്പത്തിക വർഷത്തിൽ വടക്കൻ പരവൂർ, ആലുവ, പാങ്ങോട്, മൂവാറ്റുപുഴ, പത്തനംതിട്ട, തേവര എന്നിവിടങ്ങളിലായി 6 ആധുനിക മൊത്ത മത്സ്യ വിപണന മാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. അതിൽ വടക്കൻ പരവൂർ, ആലുവ എന്നീ സ്ഥലങ്ങളിലെ മത്സ്യമാർക്കറ്റിന്റെ നിർമ്മാണം 90% വും പാങ്ങോട് മത്സ്യമാർക്കറ്റ് നിർമ്മാണം ഏകദേശം 40% വും പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മൂവാറ്റുപുഴ മത്സ്യമാർക്കറ്റ് നിർമ്മാണത്തിനു വേണ്ടി മുനിസിപ്പാലിറ്റി നിർദ്ദേശിച്ച സ്ഥലത്ത് മണ്ണടിച്ച് സ്ഥലം നികത്തൽ പ്രവർത്തനം മുനിസിപ്പാലിറ്റി തന്നെ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു. പത്തനംതിട്ട മത്സ്യമാർക്കറ്റ് നിർമ്മാണത്തിനുവേണ്ടി മുനിസിപ്പാലിറ്റി അനുവദിച്ച സ്ഥലം വയൽ പ്രദേശമായതിനാൽ പ്രസ്തുത സ്ഥലം നികത്തലിനായി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അനുമതിയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം തുടങ്ങുന്നതാണ്. തേവര മത്സ്യ മാർക്കറ്റിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | എൻ.എഫ്. ഡി.ബി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | മത്സ്യമാർക്കറ്റ്, വടക്കൻ പരവൂർ | 250.00 | 225.00 | 25.00 |
| 2. | മത്സ്യമാർക്കറ്റ്, ആലുവ | 250.00 | 225.00 | 25.00 |

| | | | | |
|---|---|---|---|---|
| 3. | മത്സ്യമാർക്കറ്റ്, പാറങ്ങോട് | 250.00 | 225.00 | 25.00 |
| 4. | മത്സ്യമാർക്കറ്റ്, മൂവാറ്റുപുഴ | 160.00 | 130.50 | 29.50 |
| 5. | മത്സ്യമാർക്കറ്റ്, പത്തനംതിട്ട | 280.00 | 225.00 | 55.00 |
| 6. | മത്സ്യമാർക്കറ്റ്, തേവര | 150.00 | 121.50 | 28.50 |

ഇതു കൂടാതെ 13 ആധുനിക മൊത്ത മത്സ്യ മാർക്കറ്റുകൾക്കു കൂടി ഭരണാനുമതി നൽകി യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ